DESPATCHED
C.R. 20/1.12/.21.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **CP. 344*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7637**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.അബൂബക്കർ അഞ്ചില്ലത്ത് തെക്കെപുരയിൽ,
ബൈത്തുനൂർ, നീയർ ചർച്ച് റോഡ്,
കുഞ്ഞിമംഗലം, കൗവ്വപ്പുറം – 670 309,
ചെറുതാഴം (വില്ലേജ്), പയ്യന്നൂർ (താലൂക്ക്),
കണ്ണൂർ (ജില്ല). } പരാതി ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ്,
കുഞ്ഞിമംഗലം പി.ഒ., കണ്ണൂർ ജില്ല.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
സിവിൽ സ്റ്റേഷൻ, കണ്ണൂർ – 670 002. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.01.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.02.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.03.2021 |
| അപ്പീലിന് മറുപടി നൽകിയ തീയതി | 23.04.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.07.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 19.07.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബൂബക്കർ അഞ്ചില്ലത്ത് തെക്കേപുര

യിൽ, 14.07.2021ന് സമർപ്പിച്ച പരാതി ഹർജി 19.07.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.344(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മന:പ്പൂർവ്വം തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ്.

3) പരാതി ഹർജിക്കാരൻ 22.01.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. "കമ്പ്യൂട്ടർവൽകൃതമായ ജനന സാക്ഷ്യ പത്രം-അപേക്ഷ (അബൂബക്കർ/182/1-2020)" എന്ന വിഷയവുമായി 22-ഡിസംബർ-2020 തീയതി ടിയാൻ മേൽപ്പടി ഓഫീസിൽ ഇ-മെയിൽ വഴി സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ എന്തൊക്കെ നടപടിക്രമങ്ങളാണ് നടന്നിട്ടുള്ളതെന്നും പ്രസ്തുത നടപടിക്രമങ്ങളുടെയും അന്വേഷണ റിപ്പോർട്ടിന്റെയും നോട്ടുകളുടെയും പകർപ്പ് നൽകണമെന്നും ടി അപേക്ഷ സംബന്ധിച്ച നടപടി കൈക്കൊള്ളാൻ സേവനാവകാശ നിയമപ്രകാരം ഉള്ള സമയപരിധി എത്രയാണെന്നും

2. 01.04.1970നു മുമ്പ് – ഓരോ വർഷത്തിലും എത്ര ജനനവും മരണവും ടി ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും

3. 01.04.1970നു മുമ്പ് ഓരോ വർഷത്തിലും എത്ര ജനനവും മരണവും ടി ഓഫീസിൽ നിന്നും സേവന സിവിൽ രജിസ്ട്രേഷൻ എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും

4. മേൽപ്പടി തീയതിക്ക് മുമ്പുള്ള ജനനവും മരണവും സേവന സിവിൽ രജിസ്ട്രേഷൻ എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിൽ/ലഭ്യമാക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോയെന്നും എങ്കിൽ അത് ഏതാണെന്നും

5. 01.04.1970നു മുമ്പുള്ള ജനനവും മരണവും സേവന സിവിൽ രജിസ്ട്രേഷൻ എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് കിട്ടുന്നതിനായി ഒരു അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ/ഫീസ് എന്തൊക്കെയാണെന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 27.02.2021ന് ~~നൽകിയ~~ മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 23.04.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.

ഐ.ഒ. നൽകിയ മറുപടിയിൽ തൃപ്തനല്ലാത്തതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയതിൽ ചോദ്യം-1ൽ ആവശ്യപ്പെട്ട പകർപ്പ് നൽകുന്നതിന് സെക്ഷൻ 7(3)ൽ പ്രതിപാദിച്ചിട്ടുള്ള സമയപരിധി പാലിച്ചിട്ടില്ലെന്നും ചോദ്യം 2, 4, 5, 6, 7, 8 എന്നിവയ്ക്ക് വ്യക്തമായിട്ടുള്ള വിവരങ്ങളോ പകർപ്പുകളോ നൽകിയില്ലെന്നും അപേക്ഷയിലെ ചോദ്യം 3ന് നൽകിയ മറുപടി വിശ്വാസ യോഗ്യമല്ലെന്നുമാണ് ഹർജിക്കാരൻ അപ്പീലിൽ ആക്ഷേപം ഉന്നയിച്ചതെന്നാണ്.

ടി ഓഫീസിൽ നിന്നും റിപ്പോർട്ടാവശ്യപ്പെട്ടതിനെ തുടർന്ന് എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേലുള്ള ഓഫീസ് നടപടിക്രമങ്ങളുടെയും നോട്ട് ഫയലിന്റെയും പകർപ്പുകളും 1970നു മുമ്പുള്ള ജനന മരണ സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്ന് എസ്.പിഐ.ഒ. റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നാണ്.

അപ്പീൽ ഹർജിയും എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും ക്രമനമ്പർ 1 പ്രകാരം ആവശ്യപ്പെട്ട പകർപ്പിന് ഫീസ് അടക്കുവാനും ക്രമനമ്പർ 2, 8 എന്നിവയ്ക്ക് മറുപടിയായി 22.02.2021, 23.02.2021 എന്നീ തീയതികളിൽ രേഖകൾ പരിശോധിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരൻ പകർപ്പ് ഫീസ് ഒടുക്കി ചെലാൻ 21.02.2021 ന് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നോട്ട് ഫയലിന്റെ പകർപ്പ് 27.02.2021ന് രജിസ്റ്റേർഡ് തപാലായി അയച്ചു നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്.

ഹർജിക്കാരന്റെ അപേക്ഷയിൽ ഒന്നാമതായി ആവശ്യപ്പെട്ട പകർപ്പിന് ഫീസ് ഒടുക്കുന്നതിനായി വിവരം നൽകിയത് 19.02.2021നാണെന്നും അതായത് 6(1) അപേക്ഷ നൽകി 28 ദിവസംആയ 21.02.2021നാണെന്നും പകർപ്പിനായുള്ള ഫീസ് ഇ-മെയിൽ വഴി ഒടുക്കിയിരുന്നുവെന്നും ടി ഇ-മെയിൽ 22.02.2021ന് എസ്.പി.ഐ.ഒ. കൈപ്പറ്റിയെങ്കിലും പകർപ്പ് നൽകിയത് 02.03.2021നാണെന്നാണ്. അതായത് അപേക്ഷ നൽകി 37 ദിവസത്തിനു ശേഷമാണ് പകർപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്നും ടി നടപടി വിവരാവകാശ നിയമം സെക്ഷൻ 7(3)ന്റെ ലംഘനവും ആയതിനാൽ ടിയാൻ ഒടുക്കിയ പകർപ്പ് ഫീസ് തിരികെ നൽകണമെന്നും സെക്ഷൻ 20 പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിക്കാരന്റെ അപ്പീലിലെ ആവശ്യമെന്നുമാണ്. എന്നാൽ ടി ഓഫീസിൽ ലഭ്യമായതും നിയമാനുസൃതം അനുവദിക്കാവുന്നതുമായ രേഖകൾ പരമാവധി വേഗത്തിൽ ടിയാന് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിവരം നൽകുന്നതിൽ മന:പ്പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നും എസ്.പി.എ.ഒ.റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ ഫീസ് ഒടുക്കിയ വിവരം എസ്.പി.ഐ.ഒ.യെ അറിയിച്ചിട്ടും വിവരം നൽകുന്നതിന് നിയമാനുസൃത സമയപരിധിയ്ക്കപ്പുറം സമയമെടുത്തതായി

കാണുന്നുവെന്നും ആയത് ഉചിതമായ നടപടിയല്ലെന്നും ഒടുക്കിയ ഫീസ് തിരികെ നൽകുക, നിയമ നടപടി സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ ഒന്നാം അപ്പീൽ അധികാരിയ്ക്ക് പരിഗണിക്കാവുന്നതല്ലെന്നും വിവരങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കേണ്ടതിനാൽ അവ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും 30 ദിവസം എന്നത് മറുപടി ലഭിക്കുന്നതിന് ആകാവുന്ന പരമാവധി സമയമാണെന്നുമാണ്.

ഹർജിക്കാരന്റെ അപേക്ഷയിൽ രണ്ടാമതായി ആവശ്യപ്പെട്ട എത്ര ജനനവും മരണവും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ആവശ്യത്തിന് വിവരങ്ങൾ നൽകുന്നതിനു പകരം രജിസ്റ്റർ പരിശോധിക്കാമെന്ന എസ്.പി.ഐ.ഒ. നൽകിയ മറുപടി വസ്തുതാ വിരുദ്ധവും വിവരാവകാശ നിയമലംഘനവും നിയമനിഷേധവുമാണെന്നാണ് ഹർജിക്കാരന്റെ വാദമെന്നും 01.04.1970നു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ജനന മരണ രജിസ്ട്രേഷനുകളുടെയും രജിസ്റ്ററിന്റെ പകർപ്പു നൽകുക എന്നാണ് അപേക്ഷയിൽ 8-ാമതായി ആവശ്യപ്പെട്ടതെന്നും ആയതിന് ക്രമനമ്പർ രണ്ടിലെ മറുപടി കാണുക എന്നാണ് എസ്.പി.ഐ.ഒ. നൽകിയ വിവരമെന്നും ബന്ധപ്പെട്ട രജിസറ്റർ ടി ഓഫീസിൽ നിന്നും പരിശോധിക്കാമെന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി വസ്തുതാ വിരുദ്ധവും വിവരാവകാശ നിയമ ലംഘനവുമാണെന്നും ഹർജിക്കാരന്റെ അപ്പീലിൽ പറയുന്നതെന്നുമാണ്.

രേഖകൾ ഓഫീസിൽ വന്ന് പരിശോധിക്കാൻ ഹർജിക്കാർക്ക് നിർദ്ദേശം നൽകുമ്പോൾ ആയതിനുള്ള കാരണം വ്യക്തമാക്കുന്നതും ബന്ധപ്പെട്ട വകുപ്പു പരാമർശിക്കുന്നതും ഉചിതമാണെന്നും ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കാൻ എസ്.പി.ഐ.ഒ. ഹർജിക്കാരന് നിർദ്ദേശം നൽകിയത് വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നത് ശ്രമകരമായതിനാലാണോ എന്നത് ടിയാന് നൽകിയ മറുപടിയിലോ റിപ്പോർട്ടിലോ വ്യക്തമല്ലെന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട രൂപത്തിൽ ഓഫീസിൽ സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുക എന്നത് വളരെയേറെ ശ്രമകരമായ ജോലി ആയിരിക്കുകയോ അപ്രകാരം ലഭ്യമാക്കുമ്പോൾ ഓഫീസിലെ മറ്റു ജോലികളെ ബാധിക്കുമെങ്കിലോ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരന് അവസരം നൽകുന്നത് തെറ്റായ നടപടി അല്ലെന്നു കാണുന്നുവെന്നും പ്രസ്തുത വിവരം പ്രാപ്യമാണെങ്കിൽ നിയമപ്രകാരം നൽകാവുന്ന വിവരങ്ങൾ എസ്.പി.ഐ.ഒ. നൽകേണ്ടതായിരുന്നുവെന്നും പ്രാപ്യമല്ലെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതുമായിരുന്നുവെന്നുമാണ്.

ഹർജിക്കാരന്റെ അപേക്ഷയിലെ മൂന്നാം ഇനത്തിന് 1970നു മുമ്പുള്ള ജനന രജിസ്ട്രേഷൻ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടില്ലെന്നാണ് എസ്.പി.ഐ.ഒ. നൽകിയ വിവരമെന്നും ടി മറുപടി തെറ്റാണെന്നും സേവന സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റ്

പ്രകാരം ടി ഓഫീസിൽ 1961, 1964, 1969 എന്നീ കാലയളവിലെ ജനനവും 1949, 1958 എന്നീ കാലങ്ങളിലെ മരണും വരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരൻ അപ്പീലിൽ പറയുന്നുവെന്നാണ്. 1970നു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള ജനന മരണ രജിസ്റ്റർ കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ലെന്നും old data കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച വിവരം ലഭ്യമല്ലെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് എസ്.പി.ഐ.ഒ. റിപ്പോർട്ടിൽ പറയുന്നുവെന്നും 1970നു മുമ്പുള്ള ജനന മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ Delayed Registration ആയി നടപടി ക്രമങ്ങൾ പാലിച്ച് പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും ടിയാന്റെ ജനനം 1964ൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും ടി ജനനം old dataയിൽ കിടന്നതാണെന്നും ടിയാന് തെറ്റായ വിവരം നൽകുകയോ വിവരം മറച്ചു വയ്ക്കുകയോ ചെയ്തിട്ടില്ലെന്നുമാണ് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തത്. എന്നാൽ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടിൽ 1961, 1964, 1969 എന്നീ കാലയളവിലെ ജനനവും 1949, 1958 എന്നീ കാലങ്ങളിലെ മരണും വരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന ഹർജിക്കാരന്റെ വാദത്തെക്കുറിച്ചും നൽകിയ വിവരത്തിന്റെ വസ്തുതയെക്കുറിച്ചും ഒന്നും പറയുന്നില്ലെന്നും https://cr.lsgkerala.gov.in/Pages/SevanaMain.php എന്ന വെബ് വിലാസത്തിൽ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന്റെ status of available records നോക്കിയതിൽ ജനന മരണ രജിസ്ട്രേഷനുകൾ 1970 മുതലുള്ളതാണ് കാണുന്നതെന്നും ഹർജിക്കാരന്റെ വാദം എസ്.പി.ഐ.ഒ. പരിശോധിക്കേണ്ടതും തെറ്റായ വിവരമാണ് നൽകിയതെങ്കിൽ തിരുത്തി ശരിയായ വിവരം നൽകേണ്ടതുണ്ടെന്നുമാണ്.

ക്രമനമ്പർ 4 പ്രകാരം ആവശ്യപ്പെട്ടതിന് ക്രമനമ്പർ 3ലെ മറുപടി കാണുക എന്നാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയിരിക്കുന്നതെന്നും 1970നു മുമ്പുള്ള ജനന രജിസ്ട്രേഷൻ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടില്ലെന്നാണ് ക്രമനമ്പർ മൂന്നിന് നൽകിയ വിവരമെന്നും എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ തൃപ്തനല്ലെന്നാണ് ഹർജിക്കാരൻ അപ്പീലിൽ പറയുന്നതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എസ്.പി.ഐ.ഒ. നൽകിയതായി കാണുന്നില്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തുന്നു.

ക്രമനമ്പർ 5ന് വിവരം ലഭ്യമല്ല എന്നാണ് എസ്.പി.ഐ.ഒ. നൽകിയ വിവരമെന്നും ടി മറുപടിയിൽ തൃപ്തനല്ലാത്തതിനാൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഇതേ ചോദ്യവുമായി ഒരു വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നെന്നും ടി അപേക്ഷയിൽ PAN/2987/2021-B1(DP) എന്ന നമ്പർ പ്രകാരം മറുപടി ലഭിച്ചിരുന്നുവെന്നും മറ്റുമാണ് ഹർജിക്കാരൻ അപ്പീലിൽ പറയുന്നതെന്നും പി.ഐ.ഒ.യുടെ ടി മറുപടി അറിഞ്ഞുകൊണ്ടാണെന്നും തെറ്റായിട്ടുള്ളതും മനഃപ്പൂർവ്വം തെറ്റിദ്ധരിപ്പിക്കുകന്നതും വിവര നിഷേധവും വിവരാവകാശത്തോടുള്ള ലംഘനവുമാണെന്നുമാണ് ഹർജിക്കാരൻ അപ്പീലിൽ പറയുന്നതെന്നും എസ്.പി.ഐ.ഒ. ഒരു ജനന മരണ രജിസ്ട്രാർ കൂടിയായ

തിനാൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും എസ്.പി.ഐ.ഒ. അറിഞ്ഞിരിക്കേണ്ടതാണെന്നാണ് ഹർജിക്കാരൻ അപ്പീലിൽ പറയുന്നതെന്നും പ്രസ്തുത വിവരം ലഭ്യമാണെങ്കിൽ ആയത് നൽകേണ്ടതായിരുന്നുവെന്നും ലഭ്യമല്ലെങ്കിൽ അക്കാര്യം അറിയിക്കേണ്ടതായിരുന്നുവെന്നും അപ്പീൽ അധികാരി വിലയിരുത്തുന്നു.

ക്രമനമ്പർ 6,7 എന്നിവയ്ക്ക് പി.ഐ.ഒ. നൽകിയ മറുപടി വിവരം നിലവിൽ ലഭ്യമല്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ഉത്തരവ് പ്രകാരം ടി ഓഫീസിൽ നടപ്പിലാക്കിയിട്ടുള്ള കാര്യമാണെന്നും ആയതിനാൽ വിവരം നിലവിൽ ലഭ്യമല്ല എന്നുള്ള മറുപടി വിവരാവകാശ നിയമത്തെ ലാഘവത്തോടെ കാണുന്നതായിട്ടും സെൻട്രൽ ഇൻഫർമേഷൻ കമ്മീഷണറുടെ CIC/DS/A/2013/001788-SA, dtd 29.08.2014 എന്ന ഉത്തരവിനും ബഹു.ഹൈ കോടതിയിലെ WP(C) 3660/2012 dtd 13.09.2013 എന്ന ജഡ്ജിമെന്റിനും പബ്ലിക് റെക്കോർഡ്സ് ആക്ട് 1993 പ്രകാരവും നിയമലംഘനവും വിവരാവകാശ നിയമപ്രകാരം വിവര നിഷേധവുമാണെന്നാണ് ഹർജിക്കാരൻ അപ്പീലിൽ പറയുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട മേൽപ്പടി വിവരം ടി ഓഫീസിൽ ഉള്ളതോ ഉണ്ടാകേണ്ടതോ ആയ വിവരമാണെന്നും എന്തു കാരണത്താലാണ് ആയത് നൽകാതിരുന്നതെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലെന്നും പ്രസ്തുത വിവരം ലഭ്യമാണെങ്കിൽ എസ്.പി.ഐ.ഒ. നൽകേണ്ടതായിരുന്നുവെന്നും ലഭ്യമല്ലെങ്കിൽ അക്കാര്യം അറിയിക്കേണ്ടതായിരുന്നുവെന്നും വിലയിരുത്തിക്കൊണ്ട് ഹർജിക്കാരൻ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 3-ാം ഇനമായി ആവശ്യപ്പെട്ടതിന് നൽകിയ വിവരത്തിൽ പിശക് പറ്റിയിട്ടുണ്ടോയെന്ന് പപരിശോധിക്കേണ്ടതും പിശക് പറ്റിയിട്ടുണ്ടെങ്കിൽ ശരിയായ വിവരവും ക്രമനമ്പർ 2, 4, 5, 6, 7, 8 എന്നിവയായി ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ.യ്ക്ക് പ്രാപ്യമാണെങ്കിൽ വിവരാവകാശ നിയമപ്രകാരം നൽകാവുന്ന വിവരങ്ങളും പ്രാപ്യമല്ലെങ്കിൽ അക്കാര്യവും ടി ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി നൽകുന്നതിനും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾക്ക് സമയപരിധിയ്ക്കകം മറുപടി നൽകുന്നതിനും എസ്.പി.ഐ.ഒ. അതീവ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും ഒന്നാം ഇനമായി ആവശ്യപ്പെട്ട വിവരം നൽകുന്നതിൽ സമയപരിധി പാലിക്കാത്തതടക്കമുള്ള അപാകതകൾ ആവർത്തിക്കരുതെന്നും എസ്.പി.ഐ.ഒ.യ്ക്ക് കർശന നിർദ്ദേശം നൽകിക്കൊണ്ട് ടി അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4) 27.10.2021 തീയതി കമ്മീഷൻ കണ്ണൂർ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷിക ളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തെറ്റിദ്ധ രിപ്പിക്കുന്ന വിവരമാണ് നൽകിയതെന്നും തുടർന്ന് അപ്പീൽ ഹർജി നൽകിയപ്പോഴാണ് ചില വിവരങ്ങളെങ്കിലും നൽകിയതെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്ന യിച്ചിരിക്കുന്നത്. ഇപ്രകാരം കൃത്യമായ വിവരങ്ങൾ നൽകാത്ത എസ്.പി.ഐ.ഒ. പ്രഥമ ദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലിക മായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തി നകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യ ത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധി പ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6) മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 29–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)